
# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്




ജില്ല :കണ്ണൂർ

ബ്ലോക് :തളിപ്പറമ്പ്

ഗ്രാമ പഞ്ചായത്ത്: കടന്നപ്പള്ളി - പാണപ്പുഴ

വാർഡ് 2 - ചന്തപുര

റിപ്പോർട്ട് തയ്യാറാക്കിയത്

ഭദ്ര കെ

സൂര്യ പി

ധന്യ എം

തളിപ്പറമ്പ് വില്ലേജ് റിസോഴ്സ് പേഴ്സൺ

(സോഷ്യൽ ഓഡിറ്റ്)

## ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർ പേജ് | 1 |
| 2 | ഉള്ളടക്കം | 2 |
| 3 | ആമുഖം | 3 |
| 4 | പഞ്ചായത്ത് ഭൂപടം | 5 |
| 5 | വാർഡ് ഭൂപടം | 5 |
| 6 | ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ | 6 |
| 7 | ഗ്രാമപഞ്ചായത്ത്, വാർഡ് തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ | 7 |
| 8 | സോഷ്യൽ ഓഡിറ്റിന് വിധേയമായ പ്രവൃത്തികൾ | 8 |
| 9 | അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ | 8 |
| 10 | തൊഴിലാളികളുടെ കടമകൾ | 11 |
| 11 | ഫീൽഡ് തല പരിശോധന സംബന്ധിച്ച് | 12 |
| 12 | പഞ്ചായത്ത് രജിസ്റ്റർ | 13 |
| 13 | പ്രവൃത്തി ഫയൽ പരിശോധനയെ സംബന്ധിച്ച് | 14 |
| 14 | കണ്ടെത്തലുകൾ | 17 |
| 15 | നിർദ്ദേശങ്ങൾ | 18 |
| 16 | ഗ്രാമസഭ തീരുമാനങ്ങൾ | 19 |

## ആമുഖം:

ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി സ്വതന്ത്രഭാരതത്തിൽ ആവിഷ്കരിച്ച ഏറ്റവും സുപ്രധാനവും ശക്തവുമായ നിയ മമാണ് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനായി ഇന്ത്യൻ പാർലമെൻറ് അംഗീകരിച്ച്, പ്രസിഡൻറ് ഒപ്പുവച്ച 2005 സെപ്റ്റംബർ മാസം അഞ്ചാം തീയതി മുതൽ ഈ നിയമം നിലവിൽ വന്നു.

ഇന്ത്യയിലെ ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി നിരവധി ഗ്രാമവികസന പദ്ധതികൾ നടപ്പിലാക്കിയിരുന്നുവെങ്കിലും ഗുണഫലം ശരിയായവിധത്തിൽ ജനങ്ങളിൽ എത്താതിരുന്നതിനെ തുടർന്ന് പാർലമെൻറ് പാസാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പ്രാഥമിക ലക്ഷ്യം ഒരു ഗ്രാമീണ കുടുംബത്തിന് നിയമംവഴി ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ ഉറപ്പുനൽകുകയെന്നതാണ്. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുന്നതിനും അതിലൂടെ ദാരിദ്ര്യ നിർമാർജ്ജനവും സുസ്ഥിര വികസനവും ആണ് ഈ നിയമത്തിന്റെ പ്രാധാന ലക്ഷ്യം. ചൂഷണങ്ങളിൽ നിന്നും തൊഴിലാളികളെ മോചിപ്പിക്കുകയും മാന്യമായ വേതനം നൽകി അവരുടെ കുടുംബത്തിന് ക്രയ ശേഷി വർദ്ധിപ്പിച്ച് ദാരിദ്ര്യത്തിൽ നിന്നും കരകയറാൻ തൊഴിലുറപ്പുപദ്ധതിയിലൂടെ കഴിയുന്നു. പ്രകൃതിവിഭവ പരിപാലനത്തിലൂടെ ഓരോ പ്രദേശത്തിന്റെയും വിഭവാടിത്തറ ശക്തമാക്കുകയും, അതിലൂടെ വരൾച്ച, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വനനശീകരണം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നും സംരക്ഷണം നൽകുകയും അതിലൂടെ ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും പദ്ധതി പ്രവർത്തനങ്ങളിൽകൂടി കഴിയുന്നു. പ്രകൃതിവിഭവ പരിപാലനത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് ജലസംരക്ഷണവും അതിൻറെ സുരക്ഷിതത്വവും ഇവ തൊഴിലുറപ്പ് പ്രവർത്തനങ്ങളിൽ ഉറപ്പ് വരുത്തുവാൻ കഴിയുന്നു.

തൊഴിലുറപ്പുപദ്ധതി നമുക്ക് പ്രധാനമായും കാണാൻ കഴിയുന്ന ഒരു വസ്തുതയാണ് മഴക്കുഴികൾ. ഇവയുടെ നിർമ്മാണ പ്രവൃത്തി കളിൽ തൊഴിലാളികൾ കൂടുതലായും ശ്രദ്ധ ചെലുത്തിയാൽ ഭൂഗർഭജലത്തെ അളവിനെ നമുക്ക് നല്ല രീതിയിൽ ഉയർത്തുവാൻ സാധിക്കുന്നു. പ്രധാനമായും മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ജലസംരക്ഷണത്തിനും ജലസംഭരണത്തിന് കാര്യമായ രീതിയിൽ തന്നെ ബാ ധoiിക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി തൊഴിലുറപ്പ് ബന്ധപ്പെടുത്തി കാർഷിക പദ്ധതികൾ ജനങ്ങളിലെത്തിക്കൽ, കാർഷികോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ, തരിശുഭൂമികളിലും സ്വകാര്യ ഭൂമിയിലും പൊതുസ്ഥാപനങ്ങളിലും ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ, എന്നിവ നടത്തിവരുന്നു. പഞ്ചായത്തിലെ വിവിധ തോടുകളിൽ തടയണ നിർമ്മിക്കുകയും, കുളങ്ങൾ, നീർക്കുഴി, കയ്യാല നിർമാണം, കിണർ റീചാർജ്ജിങ് തുടങ്ങിയവഴി ജലസംരക്ഷണവും ഉറപ്പുവരുത്തുന്നു. ഇങ്ങനെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കളായ ജനങ്ങൾക്ക് തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നു.

നിയമമനുസരിച്ചുള്ള പദ്ധതി നിർവഹണത്തിലൂടെ ഗ്രാമീണമേഖലയുടെ സുസ്ഥിര ആസ്തി വികസനം


എന്നതാണ് ലക്ഷ്യം വെക്കുന്നത്. 2005-ൽ പ്രാബല്യത്തിൽ വന്ന നിയമമനുസരിച്ച് ഇന്ത്യയിലെ 200 ജില്ലകളിൽ പ്രഥമഘട്ടത്തിൽ നടപ്പിലാക്കുകയും 2008-ൽ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. അതനുസരിച്ച് കണ്ണൂര് ജില്ലയിലും പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുകയും ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് വേണ്ട ആനുകൂല്യങ്ങളെകുറിച്ചും അതുമായി ബന്ധപ്പെട്ട ആവശ്യകതയെക്കുറിച്ചും നിയമത്തിന്റെ ആമുഖ ത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. തൊഴിലാളികളുടെയും അവരുടെ ആനുകൂല്യങ്ങളുടേയും കുറിച്ച് ഒരു തനതായ വിശദീകരണം ഈ റിപ്പോർട്ട് മുഖാന്തരം തൊഴിലാളികളായ നിങ്ങളിലേക്ക് എത്തിക്കുവാൻ സാധിക്കും.


**സവിശേഷതകൾ**

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

<u>**പഞ്ചായത്ത് ഭൂപടം**</u>




<u>**വാർഡ് ഭൂപടം**</u>



# കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് പൊതു വിവരങ്ങൾ

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ ഉൾപ്പെട്ട തളിപ്പറമ്പ് ബ്ലോക്കിലാണ് കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

| | |
|---|---|
| ജില്ല | കണ്ണൂർ |
| വിസ്തീർണം | 53.75 ച. കി. മീ. |
| റവന്യൂ വില്ലേജ് | കടന്നപ്പള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | തളിപ്പറമ്പ് |
| താലൂക്ക് | കണ്ണൂർ |
| നിയമസഭാ മണ്ഡലം | കല്യാശ്ശേരി |
| പാർലമെന്റ് മണ്ഡലം | കാസർഗോഡ് |
| ആകെ വാർഡുകൾ | 15 |
| ജനസംഖ്യ | 19,535 |
| സ്ത്രീകൾ | 10053 |
| പുരുഷന്മാർ | 9482 |

## തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങള്

ആകെ തൊഴില്കാര്ഡ് : 3207

ആകെ തൊഴിലാളികള് : 4932

ആക്ടീവ് തൊഴില് കാര്ഡ് : 1172

ആക്ടീവ് തൊഴിലാളികള് : 1260

എസ്.സി : 1.75%

100ദിവസം തൊഴില്
പൂര്ത്തിയാക്കിയ കുടുംബങ്ങളുടെ: 77
എണ്ണം
(അവലംബം: nrega.nic.in, )

**വാര്ഡിലെ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങള്**

ആകെ തൊഴില്കാര്ഡ് : 174

ആകെ തൊഴിലാളികള് : 174

ആക്ടീവ് തൊഴില് കാര്ഡ് : 47

ആക്ടീവ് തൊഴിലാളികള് : 47

100ദിവസം തൊഴില്
പൂര്ത്തിയാക്കിയ കുടുംബ ങ്ങളുടെ എണ്ണം:nil

## സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ

| ക്രമ ന മ്പർ | പ്രവൃത്തിയുടെ പേരും നമ്പറും | മസ്റ്റർ റോൾ നമ്പർ | പ്രവൃത്തി ആരംഭിച്ച തീയ്യതി | പ്രവൃത്തി അവസാനി ച്ച തീയ്യതി | തൊഴിൽ ദിനങ്ങൾ | ചെലവാക്കി യ തുക |
|---|---|---|---|---|---|---|
| 1 | കല്ലു കയ്യാല നിർമാണം<br><br>Wc/303992 | 38827,38829,38830. 38828,38831, | 15/3/2019 | 28/3/2019 | 40 | 18928 |
| 2 | പാട്ട കൃഷി നിലം ഒരുക്കൽ | 23127,23128,23129, 23130,25435,25436, 25437,25438,25439, 25440,25441,25442, 25443,25444, 27225,27226,27227, 27228,27229,27230, 27231.27232,27233, 27234 | 10/12/2018 | 14/1/2019 | 334 | 25668 |

## അവകാശ അധിഷ്ഠിത നിരീക്ഷണങ്ങൾ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ ഗ്രാമീണ ജനതയ്ക്ക് തൊഴിൽ നൽകുന്നതോടൊപ്പം അവരുടെ 10 അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നു. സോഷ്യൽ ഓഡിറ്റിലൂടെ 10 അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നുണ്ടോയെന്നും വിലയിരുത്തുന്നു.

### തൊഴിൽ കാർഡ് സംബന്ധിച്ച്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന 18 വയസ് പൂർത്തിയായ ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരാൾക്കും തൊഴിൽ കാർഡ് ലഭിക്കുന്നതിന് പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിക്കാം. തൊഴിൽ കാർഡിനു അപേക്ഷിച്ചു കഴിഞ്ഞാൽ അപേക്ഷിച്ച് 15 ദിവസത്തിനകം സൗജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കേണ്ടതാണ്. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ രണ്ടാം വാർഡിൽ നിലവിൽ പണിയെടുക്കുന്ന ഒരാളൊഴികെ ബാക്കിയെല്ലാ തൊഴിലാളികൾക്കും പഴയ തൊഴിൽ കാർഡ് പുതുക്കി പുതിയ തൊഴിൽ കാർഡ് അനുവദിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ കാർഡ് പുതിക്കിയ സമയത്ത് ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവിൽ എടുത്ത് കൊടുക്കുകയാണ് ചെയ്തത്. തൊഴിലുറപ്പ് തൊഴിലാളികളുടെ അധികാരിക രേഖയായ തൊഴിൽ കാർഡ് സൂക്ഷിക്കേണ്ടത് തൊഴിലാളികളുടെ ഉത്തരവാദിത്വമാണ്. രണ്ടാം വാർഡിലെ മുഴുവൻ തൊഴിലാളികളും തൊഴിൽ കാർഡ് അവരവരുടെ കൈയിൽ സൂക്ഷിച്ചിട്ടുണ്ട്. ഇത് അഭിനന്ദങ്ങൾ അർഹിക്കുന്ന കാര്യമാണ്

## തൊഴിൽ ആവശ്യപ്പെടുന്നത് സംബന്ധിച്ച്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും 100 തൊഴിൽ ദിനങ്ങൾ ഉറപ്പു തരുന്നു. ആയതിനാൽ തൊഴിൽ കാർഡുള്ള ഏതൊരാൾക്കും തൊഴിൽ ആവശ്യപ്പെടാനും ഇതുമായി ബന്ധപ്പെട്ടുള്ള ആസൂത്രണ പ്രക്രിയയിൽ പങ്കാളിയാകാണുള്ള അവകാശമുണ്ട്. രണ്ടാം വാർഡിൽ രേഖാമൂലം തൊഴിൽ ആവിശ്യപ്പെടാറുണ്ടെങ്കിലും മതിയായ തൊഴിൽ ലഭിക്കുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.തൊഴിലിനുള്ള അപേക്ഷ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ കൊടുത്ത് തിരികെ കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കണം. രസീത് ഉണ്ടെങ്കിൽ മാത്രമേ 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിക്കാൻ സാധിക്കുകയുള്ളു. .രുഗ്മണി എം വി (KL0201100400230) തൊഴുത്തിന് വേണ്ടി അപേക്ഷ വാർഡ് മെമ്പറുടെ കയ്യിലായിരുന്നു കൊടുത്തത് ,എന്നാൽ രസീത് തൊഴിലാളിയെ ഏൽപ്പിച്ചില്ല.

## തൊഴിൽ അനുവദിക്കുന്നത് സംബന്ധിച്ച്.

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. ഇല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം ഓരോ തൊഴിലാളിക്കും ഉണ്ട്.രണ്ടാം വാർഡിലെ തൊഴിലാളികൾക്ക് കൃത്യമായി തൊഴിൽ ലഭിക്കുന്നില്ല എന്നാണ് തൊഴിലാളികളിൽ നിന്നും അറിഞ്ഞത്. കഴിഞ്ഞ സാമ്പത്തിക വർഷം 79 തൊഴിലാളികളിൽ 100 ദിവസം തൊഴിൽ ലഭിച്ചിരുന്നുള്ളൂ

## ഷെൽഫ് ഓഫ് പ്രോജക്ട്

'തൊഴിലാളികൾക്കു തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കാനുവനും പ്രവർത്തികൾ നിർദ്ദേശിക്കുവാനും അവ ഷെൽഫ് ഓഫ് പ്രോജെക്ടിൽ ഉൾപെടുത്തുവാനും തൊഴിലുറപ്പ് നിയമം വ്യവസ്ഥ ചെയ്യുന്നു.രണ്ടാം വാർഡിലെ തൊഴിലാളികൾ പ്രവർത്തികൾ നിർദേശിക്കാറുണ്ട് എന്നാണ് അറിയുവാൻ കഴിഞ്ഞത്.

## അഞ്ച് കിലോമീറ്റർ പരിധിയിൽ പ്രവർത്തി ചെയുന്നത് സംബന്ധിച്ച്.

അവരവരുടെ താമസ സ്ഥലത്ത് നിന്നും 5 കിലോമീറ്റർ പരിധിയിൽ ജോലി ലഭിക്കുന്നതിന് മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്.5കിലോമീറ്റർ പരിധിക്കപ്പുറം പോയി പ്രവർത്തി ചെയ്യുകയാണെങ്കിൽ കൂലിയുടെ 10% (27.10)യാത്ര ബത്ത ലഭിക്കുന്നതിനും മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്. രണ്ടാം വാർഡിലെ തൊഴിലാളികൾ 5 കിലോമീറ്റർ പരിധിക്കുള്ളിലാണ് പ്രവർത്തി ചെയ്തിട്ടുള്ളത് എന്ന് അറിയുവാൻ കഴിഞ്ഞു.

## വേതനം ലഭിക്കുന്നത് സംബന്ധിച്ച്

തൊഴിലുറപ്പ് പദ്ധതിയിലെ സെക്ഷൻ 3(2)പ്രകാരം പണി ചെയ്തു കഴിഞ്ഞാൽ 15 ദിവസത്തിനകം തൊഴിലാളികൾക് വേതനം ലഭിക്കേണ്ടതാണ്. ഇല്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.രണ്ടാം വാർഡിൽ പണിയെടുത്ത മുഴുവൻ തൊഴിലാളികൾക്കും സമയബന്ധിതമായി കൂലി ലഭിക്കുന്നില്ല. 2019 ഏപ്രിൽ മാസത്തിൽ ആണ് അവസാനമായി കൂലി ലഭിച്ചിരിക്കുന്നത്.

## പ്രവർത്തി സ്ഥലത്ത് ലഭ്യമാക്കേണ്ട സൗകര്യങ്ങൾ.

തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം പ്രവർത്തി ചെയ്യുന്ന സ്ഥലങ്ങളിൽ പ്രഥമ ശുശ്രുഷ കിറ്റ്,കുടിവെള്ളം, തണൽ എന്നി സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.രണ്ടാം വാർഡ് തൊഴിലാളികളുടെ പ്രവർത്തിസ്ഥലം സന്ദർശിച്ചപ്പോൾ കുടിവെള്ളത്തിനുള്ള പാത്രവും ടാർപോളിൻ ഷീറ്റും പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല എന്നാണ്

പറഞ്ഞത്. പ്രഥമ ശുശ്രുഷ കിറ്റ് ഒരു തവണ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നാണ് അവരിൽ നിന്നും അറിയാൻ കഴിഞ്ഞത്.

## പദ്ധതി ആരംഭംമീറ്റിങ്,ഗ്രാമസഭ സംബന്ധിച്ച്

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22 പ്രകാരം ഒരു പ്രവർത്തി ആരംഭിക്കുന്നതിന് മുൻപ് പ്രവർത്തിയെ കുറിച്ചുള്ള മുഴുവൻ വിവരങ്ങളും കൃത്യമായി തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ,വാർഡ് മെമ്പർ,സാങ്കേതിക ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിൽ പദ്ധതി ആരംഭ മീറ്റിംഗ് വിളിച്ച് ചേർക്കേണ്ടതുണ്ട്.രണ്ടാം വാർഡിൽ പ്രവർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭ മീറ്റിംഗ് നടത്താറുണ്ട് എന്നത് അഭിനന്ദനാർഹമാണ്.തൊഴിലുറപ്പ് പദ്ധതി ഗ്രാമ സഭ സാധാരണ ഗ്രാമ സഭയുടെ കൂടെയാണ് നടക്കുന്നത് എന്നു തൊഴിലാളികൾ സൂചിപ്പിച്ചു.

## തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച്.

തൊഴിലാളികൾക് പണി സ്ഥലത്തുവച്ച് ഏതെങ്കിലും തരത്തിലുള്ള അപകടം സംഭവിക്കുകയാണെങ്കിൽ ചികിത്സയ്ക്ക് ആവശ്യമായി വരുന്ന മുഴുവൻ ചിലവുകളും ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് തൊഴിലാളിക്ക് ലഭിക്കേണ്ടുന്ന നടപടികൾ നിർവഹണ എജൻസി സ്വീകരിക്കേണ്ടതാണ്. ഇതുകൂടാതെ തൊഴിലിടങ്ങളിൽ വച്ച് മരണം സംഭവിക്കുകയാണെങ്കിൽ 25000 രൂപയും തൊഴിയാളിയുടെ കുടുംബത്തിന് ലഭിക്കേണ്ടതാണ്.

## സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ്.

പ്രവർത്തി നടക്കുന്ന എല്ലാ സ്ഥലങ്ങളിലും പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ അടങ്ങിയ ഒരു ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്. രണ്ടാം വാർഡിൽ പരിശോധിച്ച രണ്ടു പ്രവർത്തി നടന്നതിൽ ഒന്നിനും ഡിസ്പ്ലേ ബോർഡ് കാണാനില്ലായിരുന്നു.

## മസ്റ്റർ റോൾ .

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്ന ഔദ്യോഗിക രേഖയാണ് മസ്റ്റർ റോൾ.പണി ചെയുന്ന ദിവസം രണ്ടുതവണ ഇതിൽ ഒപ്പു വായ്ക്കേണ്ടതാണ്.മസ്റ്റർ റോളിൽ ഒപ്പു വച്ചതിനു ശേഷം തൊഴിലാളികൾ പ്രവർത്തി സ്ഥലത്തു തന്നെ ഉണ്ടായിരിക്കണം.അല്ലാതെ മറ്റു പരിപാടികളിൽ പങ്കെടുക്കുവാൻ പാടില്ല കൂടാതെ മസ്റ്റർറോളിൽ വെട്ടിത്തിരുത്തലും പാടില്ല.

രണ്ടാം വാർഡിലെ പരിശോധിച്ച മസ്റ്റർറോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലായിരുന്നെങ്കിലും മസ്റ്റർ റോൾ 38830,ക്യാൻസൽ ചെയ്തിരുന്നു.

## മേറ്റ്

തൊഴിലുറപ്പ് പ്രവർത്തിയുടെ മേൽനോട്ടം,തൊഴിൽകാർഡ്, സൈറ്റ് ഡയറി, മസ്റ്റർറോൾ എന്നിവ കൃത്യമായി പൂരിപ്പിക്കൽ,തൊഴിലാലുകളുടെ ഹാജർ ഉറപ്പ് വരുത്തുക,ലീവ് മാർക്ക് ചെയ്യുക, പണിസ്ഥലത്തു വേണ്ട സൗകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുക എന്നിവയാണ് മേറ്റുമാരുടെ ചുമതലകൾ. നിയമപ്രകാരം 15 ദിവസം കഴിയുമ്പോൾ പുതിയ മേറ്റിനെ തിരഞ്ഞെടുക്കാവുന്നതാണ്. രണ്ടാം വാർഡിൽ ഷൈനി ചേച്ചി യും ലക്ഷ്മി ചേച്ചിയും മാറിമാറി നിലകളാണ് പതിവ്.

## ജാഗ്രത മേൽനോട്ട കമ്മിറ്റി.

തൊഴുറപ്പ് പ്രവർത്തി കൃത്യമായി നിരീക്ഷിക്കുന്നതിനും പദ്ധതി കാര്യക്ഷമ മാക്കുന്നതിനും വാർഡ് തലത്തിൽ ജാഗ്രത മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. ജാഗ്രത മേൽനോട്ട സമിതിയിലെ അംഗങ്ങളുടെ വീട്ടിൽ പോയി ഒപ്പ് വാങ്ങിക്കേണ്ടി വരുന്നതായി അറിയാൻ കഴിഞ്ഞു.

## സുരക്ഷമാർഗങ്ങൾ

തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് പ്രവർത്തി ചെയ്യുമ്പോൾ സുരക്ഷ ഷൂസും,കൈയ്യുറയും തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടത് നിർവ്വഹണ ഏജൻസിയുടെ ചുമതലയാണ്.രണ്ടാം വാർഡിൽ അവർ ആവശ്യപ്പെടാത്തതിനാൽ സുരക്ഷാ ഉപകരണങ്ങൾ ഒന്നും നൽകിയിട്ടില്ല എന്നാണ് തൊഴിലാളികൾ പറഞ്ഞത്.

## പരാതി പരിഹാരം.

തൊഴിലുറപ്പ് പദ്ധതി നിയമം ഷെഡ്യൂൾ 19 പ്രകാരം ലഭിക്കുന്ന പരാതികൾ സമയ ബന്ധിതമായി പരിഹരിക്കേണ്ടതാണ്. പരാതികൾ ഫോൺ മുഖേനയോ, ടോൾ ഫ്രീ നമ്പറിൽ വിളിച്ചോ രേഖാമൂലം എഴുതിയോ,ഇമെയിൽ വഴിയോ നൽകാവുന്നതാണ്. കൂലി കിട്ടാത്തത് സംബന്ധിച്ച 2 പരാതികൾ ആയിരുന്നു ഉണ്ടായിരുന്നത്. അത് പരിഹരിച്ചതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

*ടോൾ ഫ്രീ നമ്പർ കണ്ണൂർ 18004250143.

*സംസ്ഥാന മിഷൻ18004251004

## റോസ്ഗാർ ദിനം

തൊഴിൽ ആവശ്യകത കൃത്യമായി രെജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം ഓരോ പഞ്ചായത്തിലും നടത്തേണ്ടതാണ്. കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിൽ റോസ്ഗാർ ദിനം നടത്തിയിട്ടില്ല. എന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.

## തൊഴിലാളികളുടെ കടമകൾ.

*കൃത്യ സമയത്ത് തൊഴിൽ സ്ഥലത്ത് ഹാജരായി സമയ ക്രമം പാലിക്കുക.(9മണി മുതൽ 5 മണി വരെ)

*പ്രവർത്തി ആരംഭമീറ്റിങ്ങിൽ പങ്കെടുത്ത് ചെയ്യണ്ട പ്രവർത്തികളെ കുറിച്ച് കൃത്യമായി മനസിലാക്കുക.

*നിർദ്ദേശിക്കുന്ന പ്രവർത്തികൾ കൃത്യമായി ചെയ്യുക.

*തൊഴിലുറപ്പ് ഗ്രാമസഭയിൽ പങ്കെടുക്കുക.

## ഫീൽഡ് തല പരിശോധന സംബന്ധിച്ച്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | മെഷർമെന്റ് ബുക്ക് പ്രകാരമുള്ള അളവ് | ഫീൽഡ് പരിശോധിച്ചപ്പോൾ ലഭിച്ച അളവ് | റീമാർക്ക്സ് |
|---|---|---|---|---|---|
| 1 | പാട്ടകൃഷിക് നിലമൊരുക്കൽ<br>LD/240416 | 7000 cum | 5823.5cum | 5823.5cum | പച്ചക്കറി കൃഷി ചെയ്തിട്ടുണ്ടായിരുന്നു. ഇപ്പോൾ കാട് മൂടിയ അവസ്ഥായിലാണ് |
| 2 | കല്ല് കയ്യാല | Nil | 11.22cum | 11.22cum | കല്ല് കയ്യാല നല്ല രീതിയിൽ നിർമ്മിച്ചിട്ടുണ്ട് |

## പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കേണ്ട 7 രജിസ്റ്ററുകൾ

1. തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷയുടെ രജിസ്റ്റർ
2. ഗ്രാമസഭ രജിസ്റ്റർ
3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ചതും സംബന്ധിച്ച രജിസ്റ്റർ
4. പ്രവൃത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ
5. സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ
6. പരാതി രജിസ്റ്റർ
7. സാധന രജിസ്റ്റർ

**തൊഴിൽ കാർഡ് രജിസ്റ്റർ**

4 ഭാഗങ്ങളായി സൂക്ഷിച്ചിട്ടുണ്ട്. ഒന്നാം ഭാഗത്തിൽ രെജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ സൈറ്റിൽ നിന്നും പ്രിന്റ് എടുത്തതും, രണ്ടാം ഭാഗത്തിൽ കയ്യെഴുത്തുപ്രതിയും മൂന്നാം ഭാഗത്തിൽ പുതുതായി അപേക്ഷിച്ചവരുടെ വിവരങ്ങളും നാലാം ഭാഗത്ത് തൊഴിൽ നൽകിയ വിവരങ്ങളും ആണ് ഉള്ളത്.

**ഗ്രാമസഭ രജിസ്റ്റർ**

മുൻപ് നടത്തിയ ഗ്രാമ സഭയുടെ വ്യക്തമായ മിനുട്ട്സ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

**ഡിമാൻറ് രജിസ്റ്റർ**

ഡിമാന്റ് രെജിസ്റ്ററിൽ അപേക്ഷിച്ചവരുടെ വർഡും എണ്ണവും തിയ്യതിയും പ്രവൃത്തി ആരംഭിച്ച തിയ്യതിയും പ്രവൃത്തിയുടെ പേരും രേഖപ്പെടുത്തിയിട്ടുണ്ട്.

**വർക്ക് രജിസ്റ്റർ -**

പ്രവൃത്തികളുടെ ലിസ്റ്റ്, ചിലവ്, മറ്റ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**സ്ഥിര ആസ്ഥികളുടെ രജിസ്റ്റർ**

പഞ്ചായത്തിലെ സ്ഥിര ആസ്തികളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ട്

**പരാതിരജിസ്റ്റർ**

2018-2019 കാലയളവിൽ 2 പരാതികൾ ആണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.16/6/18 ന് ബിന്ദു, 13/8/2018ന് പുഷ്പവല്ലി എന്നിവരുടെ അക്കൗണ്ടിൽ പൈസ എത്തിയിട്ടില്ല എന്നതായിരുന്നു പരാതി. അത് പരിഹരിച്ച് കൂലി ലഭിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്.

**സാധന രജിസ്റ്റർ**

2018-2019 വർഷം നഴ്സറി നിർമ്മാണവുമായി ബന്ധപ്പെട്ട് വാങ്ങിയ സാധനങ്ങളുടെ വിവരങ്ങൾ സൂക്ഷിച്ചിട്ടുണ്ട്.

## പ്രവൃത്തി ഫയൽ പരിശോധന സംബന്ധിച്ച വിവരങ്ങൾ

### കവർപേജ്

മാസ്റ്റർ സര്ക്കുലര് പ്രകാരമുള്ള കവർ പേജ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാൽ കൃത്യമായി പൂരിപ്പിച്ചിട്ടില്ല.

### ചെക്ക് ലിസ്റ്റ്

ഒരു പ്രവൃത്തി ഫയലില് ക്രമപ്രകാരം ഏതൊക്കെ രേഖകള് എവിടെ ഏതൊക്കെ പേജ് മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച ഫയലില് ചെക്ക് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട് അവ കൃത്യമായി രേഖപ്പെടുത്തിയില്ല, കൂടാതെ 20 ഫയലുകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു.

### ആക്ഷൻ പ്ലാൻ കോപ്പി

പ്രസ്തുത പ്രവൃത്തി പഞ്ചായത്തിലെ നടപ്പു വര്ഷത്തിലെ വാർഷിക ആക്ഷൻ പ്ലാനിൽ 'ഉള്പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖയാണ് വാര്ഡ് 3 ആക്ഷന് പ്ലാൻ കോപ്പി കാണാന് സാധിച്ചിട്ടുണ്ട്.

### എസ്റ്റിമേറ്റ്

ഒരു പ്രവൃത്തി എങ്ങനെ, എത്ര അളവില് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. പരിശോധിച്ച ഫയലില്എസ്റ്റിമേറ്റ് സൂക്ഷിച്ചിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് മനസിലാകുന്ന രീതിയില് വേണം എസ്റ്റിമേറ്റ് തയ്യാറാക്കാന് എന്നാൽ പരിശോധിച്ച ഫയലില് ജനകീയ എസ്റ്റിമേറ്റ് കാണാന് സാധിച്ചില്ല.

### സാങ്കേതികാനുമതി പത്രം

ഒരു പ്രവൃത്തി സാങ്കേതിക വിദഗ്ദരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി പത്രം. പരിശോധിച്ച ഫയലില് ഘട്ടം - 1 ല് സബ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ രേഖ പെടുത്തിയിട്ടില്ല എന്നാൽ അവരുടെ ഒപ്പ്, സീല് എന്നിവ കാണാന് സാധിച്ചു. സാങ്കേതിക അനുമതിയുടെ സെക്യൂര് സോഫ്റ്റ്വെയര് കോപ്പിയും ഒറിജിനൽ അനുമതി പത്രവും കാണാന് സാധിച്ചു.

### ഭരണാനുമതി രേഖ

പ്രവൃത്തി ചെയ്യുന്നതിന് നിര്വ്വഹണ സ്ഥാപനം നല്കുന്ന അനുമതി ആണ് ഭരണാനുമതി രേഖ. ഈ രേഖ പരിശോധിച്ച ഫയലില്കാണുവാന് സാധിച്ചിട്ടുണ്ട്. സെക്യൂര് സോഫ്റ്റ്വെയര് ഉപയോഗിച്ച് ചെയ്ത അനുമതി രേഖ സൂക്ഷിക്കുന്നത് നല്ല കാര്യമാണ്.

### ഡിമാൻഡ് ഫോം

തൊഴിലാളികള് തൊഴിൽ ആവശ്യപ്പെട്ട് നല്കുന്ന അപേക്ഷയാണ് ഡിമാന്റ് ഫോം. തൊഴില് ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളില് തൊഴിൽ ലഭിച്ചിട്ടുണ്ടോ എന്ന് അറിയാന് സഹായിക്കുന്ന രേഖ കൂടിയാണിത്. പരിശോധിച്ച ഫയലില് തൊഴിലാളി അപേക്ഷിച്ചതിന്റെ രേഖ കാണാന കഴിഞ്ഞു.

### വർക്ക് അലോക്കേഷൻ ഫോം

പ്രവൃത്തി അനുവദിച്ച് കൊണ്ട് നിർവഹണ ഉദ്യോഗസ്ഥര് നല്കുന്ന അനുമതിയാണ് വർക്ക് അലോകേഷന്ഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളില്പ്രവൃത്തി ലഭിച്ചോ എന്നറിയാന് ഈ ഫോം സഹായിക്കും. പരിശോധിച്ച ഫയലില് പ്രവൃത്തി അനുവദിച്ചു കൊണ്ടുള്ള ഫോം കാണാന് സാധിച്ചു. ഇത് നല്ലൊരു കാര്യമാണ്.

**മസ്റ്റർ റോൾ**

തൊഴിലാളികളുടെ ഹാജര് നില രേഖപ്പെടുത്താന് ഉള്ള രേഖയാണ് മസ്റ്റർ റോള്. മസ്റ്റർ റോള് നമ്പര്, തിയ്യതി, പ്രിന്റിങ് തിയ്യതി, ബന്ധപ്പെട്ടവരുടെ ഒപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

**മെഷർമെന്റ് ബുക്ക്**

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവില് ആണ് ചെയ്യുന്നത് എന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസിലാക്കാന് ഉള്ള ആധികാരിക രേഖയാണ് മെഷര്മെന്റ് ബുക്ക്. മെഷർമെൻറ് ബുക്കിൽ കൃത്യമായി 90 ദിവസത്തെ പണി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്..

**മെറ്റീരിയൽ പ്രൊക്യൂർമെന്റ് ലിസ്റ്റ്**

സാധന സാമഗ്രഹികൾ ഉപയോഗിച്ചിട്ടുള്ള പ്രവൃത്തി അല്ലാത്തതിനാൽ ഡീറ്റയിൽസിന്റെ ആവശ്യമില്ല.

**വേജ് ലിസ്റ്റ്**

മസ്റ്റർ റോളിന് ആനുപാതികമായി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള രേഖയാണ് വെജ് ലിസ്റ്റ്. പരിശോധിച്ച ഫയലില് വെജ് ലിസ്റ്റ് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

**ഫണ്ട് ട്രാൻസ്ഫർ ഓർഡർ**

മസ്റ്റർ റോളിനും വെജ് ലിസ്റ്റിനും അനുസരിച്ച് തൊഴിലാളികള്ക്ക് വേതനം കൈമാറിയത് ഉറപ്പാക്കാന് ഉള്ള രേഖയായി ഫണ്ട്ട്രാന്സ് ഫേര് ഓര്ഡര്. പരിശോധിച്ച ഫയലില് ഫണ്ട് ട്രാന്സ്ഫര് ഓര്ഡര് കോപ്പി കാണാന് സാധിച്ചു.

**മെറ്റീരിയൽ വൗച്ചർ ആൻഡ് ബിൽ**

സാധന സാമഗ്രികള് ആവശ്യമായ പ്രവൃത്തികൾക്ക് സാമഗ്രികള് വിതരണം ചെയത് അതിന്റെ ബില്ല് ഫയലില് സൂക്ഷിക്കേണ്ടതുണ്ട്. ഈ പണിക്ക് ഇത് അവശ്യം ഇല്ല.

**ഫോട്ടോഗ്രാഫ്**

ഒരു പ്രവൃത്തി തുടങ്ങുന്നതിന് മുന്പും പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്ന സമയത്തും അതിന് ശേഷവും ഉള്ള 3 ഘട്ടങ്ങളിലായി ഉള്ള ഫോട്ടോ ആണ് ഫയലില് ഉണ്ടാകേണ്ടത്. ഘട്ടം - 1 ല് പ്രവൃത്തി നടക്കുന്നതിന് മുന്പും പ്രവൃത്തിക്ക് ശേഷം ഉള്ളതുമായ 2 ഫോട്ടോകള് ഉണ്ട്. പക്ഷെ ജിയോ ടാഗ് ഫോട്ടോ ഇല്ല.

**പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപ്രത്രം**

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവൃത്തി പൂര്ത്തികരണ സാക്ഷ്യപത്രം. ഫയലില് കാണാന് സാധിച്ചില്ല.

**മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്**

ഒരു പ്രവൃത്തിയുടെ ഓരോ ഘട്ടത്തിന്റെയും മസ്റ്റർ റോള് അനുവദിച്ച് തൊഴിലാളികള്ക്ക് വേതനം നല്കുന്നത് വരെയുള്ള ഓരോ ഘടകങ്ങളും മസ്റ്റർ റോള് മൂവ്മെന്റ് സ്ലിപ്പ്. പരിശോധിച്ച ഫയലില് മസ്റ്റർ റോള് മൂവ് മെന്റ് സ്ലിപ്പ് കാണാന് സാധിച്ചു

**സൈറ്റ് ഡയറി**

മാസ്റ്റര് സര്ക്കുലര് പ്രകാരം സംസ്ഥാന സര്ക്കാര് നിര്ദ്ദേശിക്കുന്ന സുപ്രധാന രേഖയാണ് സൈറ്റ് ഡയറി. പദ്ധതിയുടെ സുതാര്യത, തൊഴിലാളികളുടെ അവകാശങ്ങള് സാമൂഹ്യ പങ്കാളിത്തം പദ്ധതി ആരംഭ മീറ്റിംഗ് എന്നിവ പ്രവൃത്തി സ്ഥലങ്ങളില് ഉറപ്പു വരുത്തുന്നുണ്ട് എന്നതിനുള്ള ആധികാരിക രേഖകൂടിയാണ് സൈറ്റ് ഡയറി. വി. ഇവിടെ സൈറ്റ്ഡയറി ബാധകമല്ല

**വിജിലന്സ് ആന്ഡ് മോണിറ്ററിങ് കമ്മിറ്റി**

ഓരോ ഗ്രാമപഞ്ചായത്തിലും അഞ്ച് അംഗങ്ങളുള്ള ജാഗ്രത മേൽനോട്ട സമിതി രൂപീകരിക്കേണ്ടതാണ്. പ്രവർത്തി സ്ഥല സന്ദർശനം തൊഴിലാളികളുമായി ആശയവിനിമയം നടത്തൽ ,രേഖകളുടെ

പരിശോധന ,പ്രവർത്തി സ്ഥല സൗകര്യങ്ങളുടെ പരിശോധന ,പ്രവർത്തികളുടെ ഗുണനിലവാരം നിർണയിക്കൽ, തുക നിർണയം പ്രവർത്തിയിൽ ഉടനീളമുള്ള റിപ്പോർട്ടിംഗ് പ്രവർത്തിയുടെ സ്വഭാവത്തെ സംബന്ധിച്ചുള്ള

ഗുണപരമായ വിലയിരുത്തൽ എന്നിവയാണ് വിഎംസിയുടെ പ്രധാന ചുമതല. വാർഡ് 1 ലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങളുടെ 3 പേരുകൾ മാത്രമാണ് കാണാന് സാധിച്ചിട്ടുള്ളത്. അംഗങ്ങളുടെ പദവി രേഖ പെടുത്തിയതായി കണ്ടില്ല.

1. ശങ്കരൻ മാസ്റ്റർ
2. കുഞ്ഞിരാമൻ മാസ്റ്റർ
3. രതമണി

## കണ്ടെത്തലുകൾ

- പ്രവർത്തി തുടങ്ങുന്നതിനു മുൻപ് പദ്ധതി ആരംഭമീറ്റിംഗ് ചേരാറുണ്ട് എന്നാണ് മുഴുവൻ തൊഴിലാളികളും അഭിപ്രായപ്പെട്ടത് ഇത് വളരെ പ്രശംസനീയമാണ്.
- മുഴുവൻ തൊഴിലാളികളും തൊഴിൽകാർഡ് അവരവരുടെ കൈയിൽ സൂക്ഷിച്ചിട്ടുണ്ട അത് അഭിനന്ദാർഹമായ കാര്യമാണ്.
- തൊഴിലാളികൾ രേഖാമൂലം തൊഴിൽ ആവശ്യപ്പെടുന്നുണ്ട്.
- മസ്റ്റ് റോൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്
- ജാഗ്രത മേൽനോട്ട സമിതിയിൽ ഉള്ളവർ മുന്പേ ഉള്ളവർ തന്നെയാണ്.അവരുടെ വീടുകളിൽ ചെന്നിട്ടാണ് മേറ്റ് ഒപ്പ് ശേഖരിക്കാറു.
- പ്രവർത്തി സ്ഥലങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതായി കാണാൻ കഴിഞ്ഞിട്ടില്ല.
- മുഴുവൻ തൊഴിലാളികൾക്കും പഴയ തൊഴിൽകാർഡ് പുതുക്കി പുതിയ കാർഡ് അനുവദിച്ചിട്ടുണ്ട്.എന്നാൽ തൊഴിൽകാർഡ് പുതുക്കുന്ന സമയത്ത് ഫോട്ടോ തൊഴിലാളികൾ സ്വന്തം ചെലവിൽ എടുക്കുകയാണ് ചെയ്തത്.
- സുരക്ഷാമാർഗങ്ങളായ കയ്യുറയും ഷൂസും നൽകിയിട്ടില്ലെന്നാണ് തൊഴിലാളികളിൽ നിന്നും അറിയാൻ കഴിഞ്ഞത്.
- തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വാർഡുകളിൽ വേറെ നടതാറില്ല.

## നിർദ്ദേശങ്ങൾ

5 പ്രവൃത്തി സ്ഥലത്തു CIB സ്ഥാപിക്കുക.

6 സുരക്ഷാ ഉപകരണങ്ങൾ തൊഴിലാളിക്ക് നൽകുക.

7 ജാഗ്രതാ മേൽനോട്ട സമിതിയെ 6 മാസം കൂടുമ്പോൾ മാറ്റി നിശ്ചയിക്കുക.

8 തൊഴിലിനുള്ള അപേക്ഷകൾ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കാം.

9 തൊഴിലുറപ്പ് ഗ്രാമസഭകൾ (സോഷ്യൽ ഓഡിറ്റ് )നിയമാവലി പ്രകാരം ചെയ്യുക.

**<u>ഗ്രാമസഭ തീരുമാനങ്ങൾ</u>**

- ★ പ്രവൃത്തി സ്ഥലത്തു CIB സ്ഥാപിക്കാം.
- ★ അടുത്ത ഗ്രാമസഭയിൽ ജാഗ്രതാ മേല്നോട്ട സമിതിയെ മാറ്റി നിശ്ചയിക്കാം.
- ★ തൊഴിലിനുള്ള അപേക്ഷകൾ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കാം.
- ★ തൊഴിലാളിക്ക് ആവിശ്യമായ സുരക്ഷാഉപകരണങ്ങൾ ആവശ്യാനുസരിച്ചു നൽകും.
- ★ തൊഴിലുറപ്പ് ഗ്രാമസഭകൾ(സോഷ്യൽ ഓഡിറ്റ് ) തുടങ്ങിയവ നിയമാവലി പ്രകാരം ചെയ്യും.